<u>പതിനാലാം കേരള നിയമസഭ</u>

<u>പത്താം സമ്മേളനം</u>

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.1688

07-03-2018 ൽ മറുപടിയ്ക്ക്

<u>മഞ്ചേരി ഫയർ സ്റ്റേഷൻ</u>

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.എം.ഉമ്മർ** | | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| എ) | കഴിഞ്ഞ വർഷം പ്രവർത്തനം ആരംഭിച്ച മഞ്ചേരി ഫയർ സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ; | എ) | മഞ്ചേരി ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് ജൂനിയർ ടെക്നിക്കൽ സ്കൂൾ കോമ്പൗണ്ടിനകത്ത് സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ 50 സെന്റ് സ്ഥലം ഉപാധികളോടെ കൈമാറുന്നതിന് ഉത്തരവായിട്ടുള്ളതാണ്. സ്ഥലം ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് വകുപ്പിന് കൈമാറുന്നതിനുള്ള നടപടികൾ തുടർന്നുവരുന്നു. മഞ്ചേരി ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിന് ആവശ്യമായ പ്ലാൻ, എസ്റ്റിമേറ്റ് മുതലായവ തയ്യാറാക്കി നൽകുന്നതിന് പൊതുമരാമത്ത് വകുപ്പ് ബിൽഡിംഗ് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് റൂറൽ ഫയർ സ്റ്റേഷന്റെ പ്ലാൻ സഹിതം അഗ്നിരക്ഷാ വകുപ്പ് കത്ത് നൽകിയിട്ടുണ്ട്. |
| ബി) | നിലവിലുള്ള കെട്ടിടത്തിന്റെ പരിമിതി ഫയർ സ്റ്റേഷന്റെ കാര്യക്ഷമതയെ ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | ബി) | നിലവിലുള്ള താൽക്കാലിക ഫയർ സ്റ്റേഷൻ കെട്ടിടത്തിന് സൗകര്യക്കുറവുകളുണ്ട്. എന്നാൽ കാര്യക്ഷമതയെ ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| സി) | നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പ്രസ്തുത കെട്ടിടത്തിന്റെ പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ? | സി) | സ്ഥലം വകുപ്പിന് കൈമാറി ലഭിക്കുന്ന മുറയ്ക്ക് കെട്ടിട നിർമ്മാണത്തിനുള്ള നടപടികൾ ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ